# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 10/2021 (19) ചൊവ്വാഴ്ച — **തീയ്യതി 02.03.2021**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 34.7 മുതൽ 37.8 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.7 മുതൽ 23.5 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 67 മുതൽ 95 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 28 മുതൽ 55 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.7 മുതൽ 5.5 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 6.6 മുതൽ 9.8 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.5 മുതൽ 5.7 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 03.03.2021 | 04.03.2021 | 05.03.2021 | 06.03.2021 | 07.03.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 37 | 37 | 37 | 37 | 37 |
| കുറഞ്ഞ താപനില (°C) | 22 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 6 | 8 | 6 | 4 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 90 | 70 | 320 | 270 |
| മേഘവ്യാപ്തി (ഒക്ട) | 3 | 1 | 2 | 2 | 3 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ മഴ ഇല്ലാത്ത സാഹചര്യത്തിലും വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: മഴ ഇല്ലാത്ത സാഹചര്യത്തിൽ കാർഷികോൽപ്പന്നങ്ങൾ ഉണക്കുകയും, കീടനാശിനി പ്രയോഗവും നടത്താവുന്നതാണ്.** | | |
| നെല്ല് (മുണ്ടകൻ) കൊയ്ത്തു പരുവം | തവിട്ട് മുഞ്ഞ | നെല്ലിൽ മുഞ്ഞയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ തയോമെത്തോക്സാം രണ്ട് ഗ്രാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | ചാഴി | നെല്ലിൽ കാണപ്പെടുന്ന ചാഴിയെ നിയന്ത്രിക്കാൻ പാടവും വരമ്പും കള വിമുക്തമാക്കുക. ഒരു പാടശേഖരത്ത് ഒരേ മൂപ്പുള്ള ഇനങ്ങൾ ഒരേ സമയത്ത് കൃഷി ഇറക്കി ഒരേ സമയത്ത് കീടനാശിനി പ്രയോഗം ചെയ്യാൻ ശ്രദ്ധിക്കുക. മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലെങ്കിൽ കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ പത്ത് മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും). കീടനാശിനി തളിക്കുന്നത് വരമ്പുകളിൽ നിന്ന് തുടങ്ങി പാടത്തിന്റെ നടുവിലേക്ക് എത്തുന്ന രീതിയിൽ ആയിരിക്കണം |
| | ലക്ഷ്മി രോഗം | നെല്ലിൽ കാണപ്പെടുന്ന ലക്ഷ്മി രോഗം നിയന്ത്രിക്കാൻ രോഗ ബാധയേറ്റ നെൽച്ചെടികളുടെ വിളാവശിഷ്ടങ്ങൾ നശിപ്പിച്ചു കളയുക. ആക്രമണം രൂക്ഷമാണെങ്കിൽ 1.5 ഗ്രാം കോപ്പർ ഹൈഡ്രോക്സ്ഡ് (കൊസൈഡ്) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അമ്പത് ശതമാനം കതിരു വരുമ്പോൾ തളിച്ചു കൊടുക്കാവുന്നതാണ്. |
| വഴുതന, മുളക് | വെള്ളീച്ച | വഴുതന, മുളക് എന്നിവയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൾഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക. |
| മൃഗസംരക്ഷണം | 1. തൊലിപ്പുറമെയുള്ള പരാധങ്ങൾക്ക് എതിരെ ജാഗ്രത പുലർത്തണം.<br>2.പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം | |